കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 9 | ലക്കം 23 | മാർച്ച് 15 2022

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

3 'എല്ലാവരും കൃഷിയിലേക്ക്' ഒരു ജനകീയ ഉത്സവമാക്കുക കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

5 വട്ടവടയിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കും : കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ്

6 ഇന്ത്യയിലെ തേനൂറും മാവിനങ്ങൾ

# മണ്ണിനെ സംരക്ഷിക്കാതെ ആരോഗ്യത്തെ സംരക്ഷിക്കാനാവില്ല : മന്ത്രി ശ്രീ. പി. പ്രസാദ്

മണ്ണിനെ സംരക്ഷിക്കാതെ ആരോഗ്യത്തെ സംരക്ഷിക്കാനാവില്ലെന്നും മണ്ണിനെ മനസ്സിലാക്കിയുള്ള കൃഷി കൊണ്ട് മാത്രമേ ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കാനാവൂ എന്നും കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു. ജില്ലയിലെ പ്രശ്നബാധിത പ്രദേശങ്ങളിലെ മണ്ണിനങ്ങളുടെ പരിപാലനം സംബന്ധിച്ച് സംസ്ഥാന മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് സംഘടിപ്പിച്ച ശിൽപ്പശാല ചേർത്തല സെൻ്റ് മൈക്കിൾസ് കോളേജ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പരമ്പാഗത അറിവും ആധുനിക ശാസ്ത്രീയ അറിവും ചേർന്നാലെ കൃഷിയിൽ അത്ഭുതം തീർക്കാൻ സാധിക്കൂ. ആരോഗ്യമുള്ള തലമുറ ഉണ്ടാകണമെങ്കിൽ നല്ല ഭക്ഷണം കഴിക്കണം. നല്ല ഭക്ഷണം ലഭിക്കണമെങ്കിൽ നല്ല രീതിയിലുള്ള കൃഷി ഉണ്ടാകണം അതിന് മണ്ണിനെ അറിയണമെന്നും മന്ത്രി പറഞ്ഞു.

ശിൽപ്പശാലയിൽ 200 കർഷകർക്ക് മണ്ണ് ആരോഗ്യകാർഡ് വിതരണം ചെയ്തു. മണ്ണിനെ അറിയാം മൊബൈലിലൂടെ "മാം" (എം.എ.എം) എന്ന മൊബൈൽ അപ്ലിക്കേഷനും ചടങ്ങിൽ പരിചയപ്പെടുത്തി. ജില്ലയിലെ പ്രശ്നബാധിത മണ്ണിനങ്ങളുടെ പരിപാലനമുറകളെ കുറിച്ചുള്ള ലഘുലേഖയും ചേർത്തല നിയോജക മണ്ഡലത്തിലെ നീർത്തട മാപ്പുകളുടെ അനാച്ഛാദനവും മന്ത്രി നിർവഹിച്ചു.



ജില്ലയിൽ കണ്ടുവരുന്ന പ്രധാന പ്രശ്നബാധിത മണ്ണിനങ്ങളായ മണൽ മണ്ണ്, കരിമണ്ണ് പൊക്കാളി മണ്ണ് എന്നിവയുടെ ശാസ്ത്രീയ ആരോഗ്യ പരിപാലനവും കാർഷിക പുനരജ്ജീവനവും വളർച്ചയുമാണ് ശിൽപ്പശാലയിലൂടെ ലക്ഷ്യമിടുന്നത്. ചടയമംഗലത്തെ സംസ്ഥാന നിർത്തട വികസന പരിപാലന പരിശീലന കേന്ദ്രവും പാറോട്ടുകോണം സംസ്ഥാന സോയിൽ മ്യൂസിവുമാണ് ശില്പശാല ഏകോപിപ്പിച്ചത്.

ജില്ല പഞ്ചായത്ത് പ്രസിഡൻ്റ് ശ്രീമതി. കെ.ജി രാജേശ്വരി അധ്യക്ഷത വഹിച്ചു. മണ്ണ് പരിവേഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ ശ്രീ. എസ്. സുബ്രഹ്മണ്യൻ, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. ഗീത ഷാജി, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. വി.ജി. മോഹനൻ, ഗ്രാമ പഞ്ചായത്ത് പ്രസിഡൻ്റുമാരായ ശ്രീമതി. സിനിമോൾ സാംസൺ, ശ്രീമതി. ഗീത കാർത്തികേയൻ, ശ്രീമതി. സ്വപ്ന ഷാബു, കവിത ഷാജി, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ശ്രീ. പി.എസ് ഷാജി, ശ്രീ. എൻ.എസ്. ശിവപ്രസാദ്, ശ്രീമതി. സജിമോൾ ഫ്രാൻസിസ്, ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻ്റ് ശ്രീ. നിബു എസ്. പത്മം, പ്രിൻസിപ്പൽ കൃഷി ഓഫിസർ ശ്രീമതി. ആർ. ശ്രീരേഖ, മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എൻ.ജെ കൃഷ്ണ കിഷോർ, ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ ആർ. രശ്മി, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. രമേശ് ശശിധരൻ, ജില്ല മണ്ണ് സംരക്ഷണ ഓഫിസർ ശ്രീ. കെ. സത്യൻ എന്നിവർ സംസാരിച്ചു.

ചീഫ് എഡിറ്റർ - ജോർജ് സെബാസ്റ്റ്യൻ
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എസ്. ശരത്ചന്ദ്രകുമാർ
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

ബഹു. കൃഷി വകുപ്പ് മന്ത്രി
ശ്രീ. പി പ്രസാദ് ആലുവ സംസ്ഥാന
വിത്തുൽപ്പാദന കേന്ദ്ര സന്ദർശനം
നടത്തുന്നു.



കോതമംഗലം ബ്ലോക്ക് പൈങ്ങോട്ടൂർ
,പോത്താനിക്കാട് പഞ്ചായത്തുകളിലെ
കേരഗ്രാമം പദ്ധതികളുടെ ഔപചാരിക
ഉദ്ഘാടനം ബഹു .കൃഷി വകുപ്പ് മന്ത്രി
ശ്രീ. പി. പ്രസാദ് നിർവഹിക്കുന്നു.



മിൽമ കൊല്ലം ഡയറി ആധുനികവൽക്കര
ണത്തിന്റെ ഭാഗമായി സ്ഥാപിച്ച 3 കിലോ
ലിറ്റർ തൈര് പ്ലാന്റിന്റെയും സൗരോർജ
പ്ലാന്റിന്റെയും ഉദ്ഘാടനം മൃഗസംരക്ഷണ
ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി.
ജെ. ചിഞ്ചുറാണി നിർവഹിച്ചു.



കൊല്ലം ജില്ലയിലെ മിൽമയുടെ ആദ്യ
ത്തെ ഫുഡ് ട്രക്ക് കരുനാഗപ്പള്ളി KSRTC
ബസ് സ്റ്റാൻഡിൽ മൃഗസംരക്ഷണ
ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി.
ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു.



# 'എല്ലാവരും കൃഷിയിലേക്ക് 'ഒരു ജനകീയ ഉത്സവമാക്കുക കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

"എല്ലാവരും കൃഷിയിലേക്ക്" ഒരു ജനകീയ ഉത്സവമാക്കി മാറ്റണമെന്നും എല്ലാ കുടുംബാംഗങ്ങളും കൃഷിയിലേക്ക് ഇറങ്ങണമെന്നും കൃഷി മന്ത്രി ശ്രീ പി പ്രസാദ് അഭിപ്രായപ്പെട്ടു. സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയുടെയും, കരിവെള്ളൂർ സർവീസ് സഹകരണ ബാങ്ക് സ്ഥാപന അധിഷ്ഠിത പച്ചക്കറിതോട്ടത്തിലെ ആദ്യ വിളവെടുപ്പിന്റെയും ഉദ്ഘാടനം കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിൽ വച്ച് നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. നാളികേര സംഭരണം, സംസ്കരണം, വിപണനം എന്നീ പ്രവർത്തനങ്ങൾ വിപുലമാക്കേണ്ടതുണ്ട്. നാളികേരത്തിൽ നിന്ന് വിവിധ ഉൽപന്നങ്ങളുടെ നിർമ്മാണവും ബ്രാന്റിങ്ങും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ കൃഷി ഭവനുകൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, എഫ്.പി.ഒകൾ തുടങ്ങിയ സംവിധാനങ്ങളെ ഉപയോഗപ്പെടുത്തി നടപ്പാക്കണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. കർഷകനെയും കൃഷിയെയും രക്ഷിക്കേണ്ടത് സമൂഹത്തെയും ഗവൺമെന്റിന്റേയും കടമയാണ്.




കേരഗ്രാമം പദ്ധതി പ്രകാരം മൂന്ന വർഷത്തിൽ 76 ലക്ഷം രൂപയുടെ ധനസഹായമാണ് വിവിധ തരത്തിൽ കർഷകർക്ക് ലഭിക്കുന്നത്. ആകെ 250 ഹെക്ടർ ഭൂമിയിൽ 43250 തെങ്ങിനാണ് ധനസഹായം നൽകുന്നത്. പമ്പ് സെറ്റ് വിതരണം ഉദ്ഘാടനം കേരഗ്രാമം കൺവീനർ ശ്രീ കെ സഹദേവന് നൽകിക്കൊണ്ട് മന്ത്രി നിർവഹിച്ചു. കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ എ. വി.ലേജു ചടങ്ങിന് അദ്ധ്യക്ഷം വഹിച്ചു. കരിവെള്ളൂർ-പെരളം കൃഷി ഓഫീസർ ശ്രീ ജയരാജൻ നായർ സ്വാഗതം പറഞ്ഞു. കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ എ സുരേഷ് നെൽസൺ പദ്ധതി വിശദീകരണം നടത്തി. മുതിർന്ന കർഷകനായ ശ്രീ അപ്യാൽ അമ്പു കുഞ്ഞിനെ മന്ത്രി ആദരിച്ചു. കരിവെള്ളൂർ പെരളം ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ ടി പി ഗോപാലൻ. പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ എം വി. അപ്പുക്കുട്ടൻ, കണ്ണൂർ ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ എം രാഘവൻ, നോഡൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീ എം പ്രദീപൻ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീ അനൂപ് എം പി, പയ്യന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ ടിപിഎം നൂറുദ്ദീൻ, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, കർഷകർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. സംഘാടകസമിതി കൺവീനർ ശ്രീ കെ വി ദാമോദരൻ നന്ദി പറഞ്ഞു.

# 'ഞങ്ങളും കൃഷിയിലേക്ക് ' നല്ല ഭക്ഷണത്തിനും ജീവിതശൈലി രോഗങ്ങൾ അകറ്റാനും ലക്ഷ്യമിടുന്ന പദ്ധതി – കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി പ്രകാരം എല്ലാ കുടുംബാംഗങ്ങളും കൃഷിയിലേക്ക് ഇറങ്ങേണ്ടതാണ്. വയനാട്ടിൽ ശീതകാല പച്ചക്കറി കൃഷി ഈ പദ്ധതിയിൻ കീഴിൽ ചെയ്യാവുന്നതാണ്. കീടനാശിനിയും അമിതമായ രാസവള പ്രയോഗവും ഇല്ലാതെ നല്ല രീതിയിൽ ശുദ്ധമായ പച്ചക്കറി നാമോരോരുത്തരും ഉൽപ്പാദിപ്പിക്കാൻ ഈ പദ്ധതി പ്രകാരം സാധിക്കും. നല്ല ഭക്ഷണം കഴിക്കുന്നതിലൂടെ ഒരു പരിധി വരെ ജീവിതശൈലി രോഗങ്ങൾ നമുക്ക് അകറ്റി നിർത്താൻ സാധിക്കുമെന്ന് കൃഷിമന്ത്രി ശ്രീ പി.പ്രസാദ് അഭിപ്രായപ്പെട്ടു. വയനാട് ജില്ല കാർഷിക വികസന സമിതി അംഗങ്ങളും കർഷക സംഘടനാ പ്രതിനിധികളും പങ്കെടുത്ത യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. യോഗത്തിൽ വയനാട്ടിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങളെയും സാധ്യതകളെയും കുറിച്ച് അഭിപ്രായങ്ങൾ ഉയർന്നുവന്നു.

ചേകാടിയിലെ ഗന്ധകശാല, ജീരകശാല അരിയുടെ വിപണനം ഫാം ടൂറിസത്തിലൂടെ സാധിക്കും ശീതകാല പച്ചക്കറി നല്ല രീതിയിൽ

കൃഷി ചെയ്യാൻ പറ്റിയ സ്ഥലമാണ് വയനാട് ജില്ല. അതുകൊണ്ട് ഫ്രൂട്ട് പാർക്ക്,ഫാം എന്നിവ ജില്ലാ പഞ്ചായത്തിന് കീഴിൽ ഉണ്ടാകണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ സംഷാദ് മരയ്ക്കാർ പറഞ്ഞു.

തൊഴിലുറപ്പ് പദ്ധതി കൃഷി വകുപ്പ് പദ്ധതികളുമായി സംയോജിപ്പിക്കാൻ ഉള്ള നടപടികൾ സർക്കാർ കൈക്കൊള്ളുന്നതാണ് എന്ന് കാർഷിക വികസന സമിതി അംഗങ്ങളും കാർഷിക കർഷക സംഘടനാ പ്രതിനിധികളുമായിട്ടുള്ള യോഗത്തിൽ മറുപടി പ്രസംഗത്തിൽ മന്ത്രി പറഞ്ഞു. പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കണമെങ്കിൽ നമ്മൾ വയലുകളിൽ വാഴകൃഷി ചെയ്യുന്നത് നിർത്തലാക്കേണ്ടതാണ്. സംഭരണ സംവിധാനം കൂട്ടുവാനുള്ള ക്രിയാത്മകമായ സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും. ലിഫ്റ്റ് ഇറിഗേഷൻ വഴി വെള്ളം ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. വയനാട്ടിലെ കർഷകർ ജപ്തി നടപടി നേരിടുന്നതായി അറിയാൻ കഴിഞ്ഞു. അതിനു വേണ്ട ആശ്വാസ നടപടികൾ സർ




ക്കാർ കൈക്കൊള്ളും. മണ്ണിനും കാലാവസ്ഥയ്ക്കും യോജിച്ച തരത്തിലുള്ള യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുക്കും. കാർഷിക ഉൽപ്പന്നങ്ങളുടെ വില തകർച്ച പിടിച്ചുനിർത്താൻ നടപടികൾ സ്വീകരിക്കും. ഫാർമർ പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷന്റെ ശക്തമായ ഇടപെടലുകൾ ഇതിനായി ഉണ്ടാകും.

ഊർജ്ജസ്വലരായ കൃഷി ഉദ്യോഗസ്ഥർ അഭിനന്ദനമർഹിക്കുന്നവർ തന്നെയാണ്. കൃഷി ഉദ്യോഗസ്ഥർ പരമാവധി കർഷകർക്കൊപ്പം കൃഷിയിടങ്ങളിലേക്ക് ഇറങ്ങുതിനുള്ള സംവിധാനം ഉണ്ടാകും. യോഗത്തിൽ ജില്ലാ കൃഷി ഓഫീസർ ശ്രീമതി എ.എഫ് ഷേർലി, കേരള സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡ് ചെയർമാൻ ഡോക്ടർ പി രാജശേഖരൻ, കൃഷി അഡീഷണൽ സെക്രട്ടറി ശ്രീ സാബിർ ഹുസൈൻ എന്നിവർ പങ്കെടുത്തു.

# അമ്പലവയലിലെ സി.ഇ.എസ് ഫാമിൽ സംഭരണ കേന്ദ്രം കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് ഉദ്ഘാടനം ചെയ്തു

വയനാട് ജില്ലയുടെ കാർഷിക മേഖലയും കൃഷി രീതിയും ഫാം ടൂറിസത്തിന് പ്രയോജനപ്പെടുത്തുമെന്ന് സി.ഇ.എസ് ഫാമിൽ സംഭരണ കേന്ദ്രം ഉദ്ഘാടനം ചെയ്തു സംസാരിച്ചു കൊണ്ട് കൃഷി മന്ത്രി ശ്രീ പി പ്രസാദ് അറിയിച്ചു. ഫാമിനായി പുനരധിവസിപ്പിച്ച ഗോത്ര വിഭാഗക്കാർക്ക് ഫാമിൽ ജോലി നൽകുന്നത് പരിഗണിക്കുമെന്നും, ആരോഗ്യത്തെയും അന്തരീക്ഷത്തെയും സംരക്ഷിക്കുന്ന കാർബൺ ഇുലിത കൃഷി രീതി നടപ്പാക്കണമെന്നും മന്ത്രി പറഞ്ഞു. അമ്പലവയൽ സി.ഇ.എസ് മോഡൽ ഫാമിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ സംഷാദ് മരക്കാർ അധ്യക്ഷത വഹിച്ചു. ജില്ലാ പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ ശ്രീമതി എ.എഫ് ഷേർലി പദ്ധതി വിശദീകരിച്ചു. സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ സി.അസൈനാർ, അമ്പലവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ സി.കെ ഹഫ്സത്ത്, ജില്ലാ പഞ്ചായത്ത് വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീമതി ഉഷ തമ്പി, അമ്പലവയൽ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ കെ.ഷമീർ, ജില്ലാ പഞ്ചായത്ത് അംഗം ശ്രീ സുരേഷ് താളൂർ, സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ അനീഷ് ബി നായർ, സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീ ഗ്ലാഡിസ് സ്കറിയ, അമ്പലവയൽ ഗ്രാമപഞ്ചായത്ത് അംഗം ശ്രീമതി ഷീജ ബാബു, ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീമതി വി.കെ സജിമോൾ എന്നിവർ സംസാരിച്ചു. ഫാമിൽ നിന്ന് വിരമിക്കുന്ന ജീവനക്കാരെ ചടങ്ങിൽ വച്ച് മന്ത്രി ആദരിച്ചു.



# എല്ലാം കേര ഗ്രാമങ്ങളും സ്വന്തമായ ബ്രാൻഡിൽ നാളികേര അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കണം : കൃഷി മന്ത്രി ശ്രീ പി പ്രസാദ്



കൃഷിക്കാരന് കാർഷികോൽപ്പന്നങ്ങൾക്ക് ഉയർന്ന മൂല്യം ലഭിക്കണമെങ്കിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമാണത്തിലൂടെയും വിപണനത്തിൽ കൂടെയും മാത്രമാണ് സാധ്യമാവുകയെന്ന് കൃഷി മന്ത്രി ശ്രീ പി പ്രസാദ്. ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കുന്നതിലൂടെയും യന്ത്രവൽകരണത്തിലൂടെയും നാളികേര ഉത്പാദനം വർധിപ്പിക്കാൻ കഴിയും. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനം, വിപണനം എന്നിവയിൽ കൃഷിക്കാരൻ നിപുണത ആർജിക്കാൻ വേണ്ടുന്ന പദ്ധതികൾക്ക് മുൻതൂക്കം നൽകണമെന്നും കൃഷി മന്ത്രി ശ്രീ പി പ്രസാദ് പറഞ്ഞു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയുടെ ഗുണഭോക്താക്കളുടെ സംഗമത്തിന്റെയും ഏകദിന സെമിനാറിന്റെയും ഉദ്ഘാടനം ചൊക്ലി ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. ചൊക്ലി പഞ്ചായത്ത് പ്രസിഡൻറ് ശ്രീ എം ഒ ചന്ദ്രൻ അധ്യക്ഷനായി. പഞ്ചായത്ത് പരിധിയിലെ മികച്ച കർഷകരെ ചടങ്ങിൽ ആദരിച്ചു. ഏകദിന സെമിനാറിൽ ശാസ്ത്രീയ തെങ്ങുകൃഷി പരിശീലനം എന്ന വിഷയത്തിൽ തലശ്ശേരി കൃഷി അസി: ഡയറക്ടർ ശ്രീ വിഷ്ണു എസ് നായരും, കരിയാട് കൃഷി ഓഫീസർ ശ്രീമതി ഷീനയും പരിശീലനം നൽകി. കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ സുരേഷ് നെൽസൺ സ്വാഗതവും, ശ്രീ കെ എം ചന്ദ്രൻ നന്ദിയും പറഞ്ഞു.

# വട്ടവടയിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കും : കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ്

വട്ടവടയിലെ കർഷകരുടെ വിവിധ പ്രശ്നങ്ങൾ വിലയിരുത്തുന്നതിനും പ്രതിവിധികൾ ആവിഷ്കരിക്കുന്നതിനും ആയി വട്ടവട ഗ്രാമപഞ്ചായത്ത് ഹാളിൽ കൃഷി വകുപ്പ് മന്ത്രി ശ്രീ പി പ്രസാദിന്റെ നേതൃത്വത്തിൽ അവലോകനയോഗം ചേർന്നു. വട്ടവടയിലെ കൃഷിയിടങ്ങൾ സന്ദർശിച്ച ശേഷമായിരുന്നു മന്ത്രി യോഗത്തിന് എത്തിയത്. ഇടനിലക്കാരുടെ ചൂഷണം, ജല ലഭ്യതയുടെ കുറവ്, ഭൂമി പ്രശ്നങ്ങൾ ഉൽപ്പന്നങ്ങളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് കർഷകർ നേരിടുന്ന വെല്ലുവിളികൾ തുടങ്ങിയ വിവിധ പ്രശ്നങ്ങൾ കർഷകർ മന്ത്രിക്ക് മുൻപിൽ അവതരിപ്പിച്ചു. വട്ടവടയിലെ ഗ്രാന്റീസ് മരങ്ങൾ പിഴുതു മാറ്റുന്ന കാര്യത്തിൽ കഴിഞ്ഞ സർക്കാർ കൈക്കൊണ്ട തീരുമാനത്തിൻ മേൽ തുടർ നടപടികൾ സ്വീകരിക്കും. ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കാനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകും. ഭൂമിക്ക് പട്ടയം ഇല്ലാത്ത സാഹചര്യം കണക്കിലെടുത്ത് കർഷകർക്ക് വായ്പ ലഭ്യമാക്കാൻ എന്ത് ചെയ്യാൻ കഴിയും എന്ന കാര്യത്തിൽ ബാങ്കുകളുമായി ആലോചന നടത്തും. നാളുകൾക്കു മുൻപ് ഊർക്കടിൽ നിർമ്മാണം പൂർത്തീകരിച്ചിരുന്ന ഹോർട്ടികോർപ്പിന്റെ സംഭരണകേന്ദ്രം താമസം കൂടാതെ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കും. നിർമ്മാണം പൂർത്തീകരിച്ച ശേഷവും കർഷകർക്ക് പ്രയോജനപ്രദമല്ലാതെ കിടക്കുന്ന വിവിധ ചെറുകിട തടയണകൾ വട്ടവടയുടെ വിവിധ ഇടങ്ങളിൽ ഉള്ളതായി പരാതി ഉയർന്നിട്ടുണ്ട്. വനം വകുപ്പുമായി ആലോചിച്ച് ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തും. കർഷകർക്കായുള്ള ജലസേചന സൗകര്യം കൂടുതൽ മെച്ചപ്പെടുത്താൻ ഇടപെടൽ നടത്തും. പച്ചക്കറി സംഭരിച്ച വകയിൽ ഹോർട്ടികോർപ്പ് കർഷകർക്ക് നൽകാനുള്ള തുക നൽകാൻ സർക്കാർ ഇടപെടൽ ഉണ്ടാകും. പട്ടയ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി വകുപ്പുമന്ത്രി മാർച്ച് മാസം ജില്ലയിൽ എത്തുമെന്നും മന്ത്രി വ്യക്തമാക്കി. അവലോകന യോഗത്തിൽ അഡ്വ. കെ. രാജ എംഎൽഎ അധ്യക്ഷത വഹിച്ചു. ഉന്നത കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, വിവിധ ഉദ്യോഗസ്ഥ പ്രതിനിധികൾ, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, ഹോർട്ടി കോർപ്പ് അധികൃതർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, കർഷകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**പ്രമോദ് മാധവൻ**
അസിസ്റ്റന്റ് ഡയറക്ടർ
കാർഷിക വികസന കർഷകക്ഷേമ വകുപ്പ്



# ഇന്ത്യയിലെ തേനൂറും മാവിനങ്ങൾ

ലോകത്തിന്റെ മാമ്പഴക്കൂട ഇന്ത്യയാണ്. ലോക മാങ്ങാ ഉൽപ്പാദനത്തിന്റെ നാൽപ്പത് ശതമാനവും ഇന്ത്യയിൽ നിന്നാണ്. ചൈനയും തായ്‌ലൻഡ്യുമാക്കെ ബഹുദൂരം പിന്നിൽ.

മാവിന്റെ ജന്മദേശം തന്നെ ഇന്ത്യ ഉൾപ്പെടുന്ന പ്രദേശമാണെന്ന് കരുതപ്പെടുന്നു. അതും നാലായിരം കൊല്ലങ്ങൾക്ക് മുൻപ്. ഇവിടെ നിന്നും അത് ചൈനയിലേക്കും അമേരിക്കയിലേക്കും ഒക്കെ വ്യാപിച്ചു എന്ന് ചരിത്രം.

വളരെ വ്യത്യസ്തമായ കാലാവസ്ഥകളിൽ, പ്രാദേശിക രുചികളിൽ ഏതാണ്ട് ആയിരത്തി അഞ്ഞൂറോളം മാവിനങ്ങൾ ഇന്ത്യയിൽ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട് .കാളിദാസന്റെ രചനകളിൽ മാവിനെക്കുറിച്ച് പരാമർശങ്ങൾ ഉണ്ട്.

ഇന്ത്യയിൽ ആദ്യം മാവ് പൂക്കുന്നത് കേരളത്തിലെ പാലക്കാട്ടുള്ള മുതലമടയിൽ ആണ്. നവംബർ -ഡിസംബർ മാസങ്ങളിൽ. ജനുവരി അവസാനത്തോടെ മുതലമടയിലെ മാങ്ങകൾ ഡൽഹിയിലും ബോംബെയിലും അഹമ്മദാബാദിലും എത്തും. മാർച്ച്- ഏപ്രിൽ ആകുമ്പോഴേക്കും മറ്റ് പ്രദേശങ്ങളിൽ നിന്നും മാങ്ങകൾ എത്തിത്തുടങ്ങും. മഴക്കാലമാകുന്നതോടെ വിപണിയിൽ മാങ്ങകളുടെ പെരുമഴക്കാലമാണ്.

വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യണമെങ്കിൽ ഒരു മാവിനത്തിന് താഴെപറയുന്ന ഗുണഗണങ്ങൾ ഉണ്ടാകണം.

1. മഴക്കാലം തുടങ്ങുന്നതിനു മുൻപ് വിളവെടുത്ത് തീരണം. സ്വാഭാവികമായും നല്ല മധുരം പ്രതീക്ഷിക്കാം.കേടും കുറവായിരിക്കും
2. കൂടിയ സൂക്ഷിപ്പ് കാലാവധി (ഷെൽഫ് ലൈഫ് ). ദൂര ദേശങ്ങളിലേക്ക് കയറ്റുമതി ചെയ്യാൻ ഇത് സഹായകമാണ്.
3. ഭേദപ്പെട്ട തൊലിക്കട്ടി. കായീച്ചയുടെ ശല്യത്തെ പ്രതിരോധിക്കും.
4. കനം കുറഞ്ഞ മാങ്ങയണ്ടി.
5. നല്ല ദശക്കട്ടിയുള്ള, നാര് കുറഞ്ഞ കാമ്പ്.
6. നേരത്തെ കായ്ക്കാനുള്ള കഴിവ്
7. കൂടിയ പഞ്ചസാര -അമ്ലത അനുപാതം. (Total Soluble Sugar/ Acidity Ratio)

8.രോഗ കീട പ്രതിരോധ ശേഷി (ഇത് പലപ്പോഴും കൂടിയ വിളവും രുചിയുമായി ഒത്ത് പോകാറില്ല )

9. എല്ലാ വർഷവും ഒരുപോലെ കായ്ക്കണം. ചില നല്ല ഇനങ്ങൾ ഒന്നി



രാടം വർഷങ്ങളിലേ നന്നായി കായ്ക്കുകയുള്ളൂ.

മാവിനങ്ങളിൽ ആദ്യം പറയേണ്ടത് മാങ്ങയിലെ രാജാവായ അൽഫോൻസോയെ കുറിച്ചാണ്.പറങ്കി നാവികനായ അൽഫോൻസോ ഡി ആൽബുക്കർക്കിന്റെ സ്മരണാർത്ഥമാണ് ഈ പേര്. മാവിന്റെ വംശ വർധനവിനായി ഒട്ടിക്കൽ രീതി കൊണ്ട് വന്നത് പറങ്കികൾ ആണെന്നും പറയപ്പെടുന്നു.പലയിടത്തും അൽഫോൻസോ ഇനം കൃഷി ചെയ്യുന്നുണ്ടെങ്കിലും മഹാരാഷ്ട്രയിലെ കൊങ്കൺ മേഖലയിലെ രത്നഗിരിയിൽ വളരുന്ന അൽഫോൻസോ ആണ് കേമം . അവിടുത്തെ സവിശേഷ കാലാവസ്ഥ അതിന് അനുപമമായ രുചി നൽകുന്നു.ചില വിരുതന്മാർ പറയുന്നത് ഒരാൾ മരിക്കുന്നതിന് മുൻപ് തിന്നേണ്ട ആയിരം ഭക്ഷണങ്ങളിൽ ഒന്നാണ് അൽഫോൻസോ മാങ്ങാ എന്നാണ്. ഭാഗ്യം ഒന്നോ പത്തോ എന്ന് പറയാതിരുന്നത്.1953ൽ ബ്രിട്ടീഷ് രാജ്ഞിയുടെ കിരീടധാരണ ചടങ്ങിലേക്ക് മുംബയിലെ ക്രാഫോഡ് മാർക്കറ്റിൽ നിന്നും അൽഫോൻസോ കൊണ്ട് പോയതോടെ കക്ഷി സെലിബ്രിറ്റി ആയി.

രത്നഗിരി ഹാപുസ് (Hapus) എന്നും അൽഫോൻസോ അറിയപ്പെടുന്നുണ്ട്. (ചിലർ ആപ്പൂസ് എന്നും പറയും) അവിടെ തന്നെ 100 കിലോമീറ്റർ മാറിയുള്ള ദേവ്ഗഢ് ഹാപുസ് എന്ന ഒരു അപരനും ഉണ്ട്. ചിലർ പറയുന്നത് രത്നഗിരി അൽഫോൺസോയേക്കാൾ രുചിയിൽ ഒരു പണത്തൂക്കം മുന്നിൽ ദേവ്ഗഢ് അൽഫോൻസോ ആണെന്നാണ്. ഇതിനെക്കുറിച്ച് വലിയ ധാരണ ഒന്നും ഇല്ലാത്തവർക്ക് എല്ലാം അൽഫോൻസോ തന്നെ.ഏറ്റവും പ്രിയപ്പെട്ടവർക്ക് സമ്മാനമായി കൊടുക്കാൻ പറ്റിയവയാണ് ഹാപുസ് മാങ്ങാ പാക്കറ്റുകൾ.

അതെന്തുമാകട്ടെ രത്നഗിരി, സിന്ധുദുർഗ്, ദേവ്ഗഢ് എന്നിവയടങ്ങുന്ന 200കിലോ മീറ്റർ കൊങ്കൺ തീരത്ത് വിളയുന്ന എല്ലാ അൽഫോൻസോ മാങ്ങകളും രണ്ടായിരത്തി പതിനെട്ടിൽ ഭൗമസൂചിക പദവി കരസ്ഥമാക്കിയിട്ടുണ്ട്.

Innotera Tech എന്ന സ്വിസ് -ഇന്ത്യൻ കമ്പനി അവിടെ സംഘടിതമായി ഉൽപാദിപ്പിക്കുന്ന ഓരോ മാങ്ങയിലും GI മുദ്ര പതിപ്പിച്ച് ആധികാരികമാക്കുന്നു.

ഇവിടെ നമ്മുടെ മറയൂർ ശർക്കരയിലും അത്തരം മുദ്രകൾ അനിവാര്യമാണ്.വ്യാജന്മാർ വിലസുകയാണ്.

അടുത്ത കേമൻ ഗുജറാത്തിലെ കേസർ എന്ന മാങ്ങായിനമാണ്. ജുനഗഡ് ജില്ലയിലെ ഗിർനാർ മലനിരകളുടെ താഴ്വാരകളിൽ വിളയുന്ന കുങ്കുമ നിറമുള്ള മാങ്ങാ.ഗിർ കേസർ എന്നും അറിയപ്പെടുന്നു. കക്ഷിയും ഭൗമ സൂചികപദവി കരസ്ഥമാക്കിയിട്ടുണ്ട്.ജുനഗഡ്,അമ്രെലി, സൗരാഷ്ട്ര എന്നീ പ്രദേശങ്ങളിൽ വിളയുന്ന കേസർ മാങ്ങാകൾക്ക് മാത്രമാണ് ഭൗമ സൂചികപദവി ഉപയോഗിക്കാൻ അനുവാദമുള്ളത്.

അടുത്തത് ഉത്തർ പ്രദേശിലെ മലീഹബാദ് ദഷേരി മാങ്ങയാണ്. മലീഹാബാദിലെ തൊണ്ണൂറ് ശതമാനം ആൾക്കാരും ഏതെങ്കിലും തരത്തിൽ മാവുമായി ബന്ധപ്പെട്ട ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. ഈ മാങ്ങ അമേരിക്കയിലേക്ക് ധാരാളമായി കയറ്റുമതി ചെയ്യുന്നുണ്ട്.

അടുത്തത് ബംഗാളിന്റെ ഊഴമാണ്. മാൾഡാ ജില്ലയാണ് മാവ് കൃഷിയുടെ തലസ്ഥാനം. അവിടുത്തെ ഖിർസാപട്ടി(ഹിമ സാഗർ )ലക്ഷ്മൻ ഭോഗ്, ഫാസ്ലി, അമ്രു പാലി, ചൗൻസ, ലാങ്ടാ എന്നിവയും വിശേഷപ്പെട്ടത് തന്നെ.മാൾഡാ ജില്ലയിൽ ഏതാണ്ട് ഒരു ലക്ഷം ഏക്കറിൽ മാവ് കൃഷി ചെയ്യുന്നു.

ഇന്ത്യക്കാർക്കും പാകിസ്ഥാനികൾക്കും ഒരു പോലെ പ്രിയപ്പെട്ട മാങ്ങയാണ് ചൗൻസ അഥവാ ചൗസ. പാകിസ്ഥാനിലെ റഹിം യാർ ഖാൻ പ്രവിശ്യയിലും മുൾട്ടാനിലും ഉത്തർ പ്രദേശിലും കൂടുതലായി കൃഷി ചെയ്ത് വരുന്നു. ഒരു കാലത്ത് ഇന്ത്യ ഭരിച്ച ഷേർഷാ സൂരി, ഹുമയൂണിനെ തോൽപ്പിച്ചത് ബീഹാറിലെ ചൗസയിൽ വച്ചാണ്. അതിന്റെ സ്മരണയ്ക്ക് തന്റെ പ്രിയ മാങ്ങായ്ക്ക് പുള്ളി ആ പേര് നൽകി എന്ന് പറയുന്നു.നാര് കുറഞ്ഞ, സുവർണനിറമുള്ള തൊലിക്കടിയിൽ സ്നിഗ്ധ സൗരഭ്യം നിറഞ്ഞ പ്രകൃതിയുടെ മിശ്രണം. അല്പം വൈകിയാണ് വിപണിയിൽ എത്തുന്നത്. നമ്മുടെ മഴക്കാലത്ത്. ഗൾഫിലേക്കും യൂറോപ്പിലേക്കും ധാരാളം കയറ്റുമതി ചെയ്യപ്പെടുന്നു.ദീർഘ നാൾ സൂക്ഷിച്ച് വയ്ക്കാം എന്ന ഗുണവുമുണ്ട്.

കർണാടകയുടെ പ്രിയ ഇനമാണ് ബദാമി. സത്യത്തിൽ പുള്ളി ഒരു കമ്പിടി ആണെന്ന് പറയേണ്ടി വരും.

മഹാരാഷ്ട്രയിൽ ഉള്ള അൽഫോൻസോ അല്പസ്വല്പം വ്യത്യാസങ്ങളോടെ കർണാടകയിൽ എത്തുമ്പോൾ ബദാമി ആയി. നമ്മുടെ അൽഫോൻസോ അവരുടെ ബദാമി. അത്ര തന്നെ. ചിലർ പക്ഷേ ഇക്കാര്യം അത്ര പെട്ടെന്ന് സമ്മതിയ്ക്കില്ല.

അടുത്തത് തെലുങ്കരുടെ 'ഇഷ്ട ഇനമായ 'ബംഗാനപ്പള്ളി. ബനേഷാൻ, സഫേദാ എന്നും പറയും. ആന്ധ്രയിലെ കർണ്ണൂൽ ജില്ലയിലെ ബംഗനപ്പള്ളി ഗ്രാമം ഇന്ന് ലോകം അറിയുന്നത് ഇവനിലൂടെ. ആന്ധ്രയിലെ മാവുകൃഷിയുടെ എൺപതു ശതമാനവും ഈ ഇനമാണ്. കേരള വിപണിയിലും ഏറ്റവും കൂടുതൽ വിറ്റഴിയപ്പെടുന്ന ഇനവും മറ്റൊന്നല്ല.2017ൽ ഭൗമ സൂചികപദവി ലഭിച്ചു. അല്പം വൈകി മഴക്കാലത്താണ് കേരളത്തിലേക്ക് പുള്ളിയുടെ വരവ്.

അടുത്ത ഊഴം ലാൺഗ്രയുടേതാണ്. കാശി വിശ്വനാഥൻറെ സ്വന്തം ലാൺഗ്ര. മഴക്കാലത്താണ് പള്ളിവരവ്. കാനിങ്ങിനും യോജിച്ച ഇനമാണ്.

അടുത്തത് നമ്മുടെ സ്വന്തം സേലം മാങ്ങാ. തോത്താപൂരി, ബാംഗളോറ, കിളിമൂക്ക്, ഗിനിമൂത്തി, സന്ദർഷാ എന്നൊക്കെ അപരനാമങ്ങൾ.1901ൽ ഇവിടെ നിന്നും അമേരിക്കയ്ക്ക് പോയി അൻഡേഴ്സൺ എന്നും ബ്രൂക്സ് എന്നും രണ്ട് സങ്കര ഇനങ്ങൾക്ക് ജന്മം നൽകി. മുക്കാൽ കിലോ മുതൽ ഒരു കിലോ വരെ വലിപ്പം വരും. നല്ല ദശക്കട്ടി. പക്ഷേ നന്നായി വിളഞ്ഞു പഴുത്തില്ല എങ്കിൽ അല്പം പുളി കൂടും. മാങ്ങയണ്ടിയ്ക്ക് കനം കുറവാണ് . കായീച്ച ശല്യവും കലശലാണ് പൂളി,ഉപ്പിലിടാനും വാണിജ്യടിസ്ഥാനത്തിൽ മാങ്ങാ ജ്യൂസ്, ഡ്രിങ്ക്സ് ഉണ്ടാക്കാനും ബഹുകേമം. കേരളത്തിൽ ധാരാളമായി വിൽപ്പനയ്ക്കെത്തും. വില താരതമ്യേനെ കുറവാണ്.

# എല്ലാ സ്കൂളുകളിലും കൃഷി സേനയെ ഉണ്ടാക്കും– കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

യുവതലമുറയേയും വിദ്യാർഥികളേയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കൃഷിയോട് ആഭിമുഖ്യം ഉള്ളവർ ആക്കുന്നതിനും വേണ്ടി എല്ലാ സ്കൂളുകളിലും കൃഷി സേനയെ ഉണ്ടാക്കുമെന്ന് കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു.

പാരമ്പര്യ നെൽവിത്തിനങ്ങളുടെ സംരക്ഷകനും വിത്തച്ഛനായി അറിയപ്പെടുന്നതുമായ കേരള കാർഷിക സർവ്വകലാശാല കൗൺസിൽ മെമ്പർ ചെറുവയൽ രാമന്റെ കൃഷിയിടവും ശ്രീ. പുരയിടവും സന്ദർശിച്ചു കൊണ്ട് സംസാരിക്കുകയായിരുന്നു കൃഷി മന്ത്രി. യുവതലമുറയെ കൃഷിയിലേക്ക് ആകർഷിക്കുവാൻ ഉതകുന്ന രീതിയിൽ പാഠ്യപദ്ധതികൾ ഉണ്ടാകണം. മഴവെള്ളം പാഴാക്കാതെ ഉപയോഗിക്കുന്നതിനും പ്രകൃതിയെ സംരക്ഷിക്കുന്നതിനും യുവതലമുറ പഠിക്കണം. നല്ല ഭക്ഷണം ഉണ്ടാക്കുന്നതിനും കഴിക്കുന്നതിനും പുതുതലമുറക്കു സാധിക്കണം. പുല്ലുമേഞ്ഞ ചാണകം മെഴുകിയ വീടുകൾ പ്രകൃതിയോട് ചേർന്നു നിൽക്കുന്നതാണ്. ഒരു കൈയിൽ അറിവിന്റെ പുസ്തകവും മറുകൈയിൽ പണിയായുധവും ആണ് വിദ്യാർത്ഥികൾക്ക് വേണ്ടത്.

ഭക്ഷണം കഴിക്കുന്നവർ അത് ഉത്പാദിപ്പിക്കുവാനും ബാധ്യസ്ഥരാണ്.

കാർഷിക ഉൽപ്പന്നങ്ങൾക്ക് മികച്ച വില ഉറപ്പാക്കുന്നതിനു വേണ്ടി സർക്കാർ സദാ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കാർഷിക ഉൽപ്പന്നങ്ങളിൽ നിന്ന് വിവിധ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണവും ബ്രാന്റിങ്ങും ചെയ്യണം. കൃഷി ഭവനുകൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, എഫ്.പി.ഒ കൾ തുടങ്ങി എല്ലാ സംവിധാനങ്ങളെയും ഇതിനായി പ്രയോജനപ്പെടുത്തണം. കർഷകനെയും കൃഷിയെയും ഗൗരവമായി കാണണം. കർഷകനെയും കൃഷിയെയും രക്ഷിക്കേണ്ടത് സമൂഹത്തിന്റെയും ഗവൺമെന്റിന്റെ യും കടമയാണെന്ന് മന്ത്രി പറഞ്ഞു. ജപ്തി നടപടികൾ നേരിടുന്ന കർഷകരെ സഹായിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകും എന്ന് മന്ത്രി ഉറപ്പ് നൽകി.



ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by George Sebastian, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh